(സി) സർക്കാർ ഗ്രാന്റ് യഥാസമയം അനുവദിച്ച് നൽകാത്തതുമൂലം ജവഹർ ബാലഭവൻ ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജവഹർ ബാലഭവൻ ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും നൽകാൻ ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജവഹർ ബാലഭവൻ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച 31-7-1997-ലെ ജി.ഒ.(എം.എസ്.) നമ്പർ 44/97/ സി.എ.ഡി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്.

(സി&ഡി) ജവഹർ ബാലഭവൻ ജീവനക്കാരുടെ ശമ്പളാവശ്യങ്ങൾക്ക് 2015-16 വർഷം പദ്ധതിയേതര വിഹിതമായി 60.50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ജീവനക്കാരുടെ ശമ്പളാവശ്യങ്ങൾക്ക് ബാലഭവനുകൾ അധിക ധനസഹായം ആവശ്യപ്പെട്ടതിനെ തുടർന്ന് നടപ്പ് വർഷം 92.88 ലക്ഷം രൂപ കൂടി അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി

309(1688) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി ആരംഭിച്ചത് എന്നാണ്; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവന്ന സ്കൂൾ കൗൺസിലർമാർക്ക് വിടുതൽ ഉത്തരവ് നൽകാനുണ്ടായ കാരണങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത സ്കൂൾ കൗൺസിലർമാരുടെ നിയമനം കരാർ അടിസ്ഥാനത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) നിലവിലെ രീതിയിൽ സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി തുടങ്ങുന്നതിൽ അപാകതയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2009-10 വർഷത്തിലാണ് സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി ആരംഭിച്ചത്. ടി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സമൂഹത്തിൽ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് സ്കൂളുകൾ വഴിയും അങ്കണവാടികൾ വഴിയും സാമൂഹ്യ മാനസിക വിഷയങ്ങളിൽ സഹായം നൽകുക.
2. സാമൂഹ്യാധിഷ്ഠിത പദ്ധതികളിലൂടെയും വൈദഗ്ധ്യ പരിശീലനത്തിലൂടെയും കൗമാരപ്രായക്കാരായ പെൺകുട്ടികളെ ശാക്തീകരിക്കുക.
3. കൗമാരപ്രായക്കാരായ പെൺകുട്ടികളെ ബാധിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടി സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കുക.
4. കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തെ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുക.
5. കൗമാരപ്രായക്കാരായ പെൺകുട്ടികൾ അഭിമുഖീകരിക്കേണ്ടിവരുന്ന ജെൻഡറുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുക.

(ബി) വിട്ടുതൽ ഉത്തരവ് നൽകിയിട്ടില്ല.

(സി) സ്കൂൾ കൗൺസിലർമാരുടെ നിയമനം കരാർ അടിസ്ഥാനത്തിലാണ് നിലവിൽ നടത്തിവരുന്നത്.

(ഡി) സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി നിലവിലെ രീതിയിൽ തുടരാവുന്നതാണ്.

സന്ദേശ് വൺ പദ്ധതി

310(1689) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷൻ, 'സന്ദേശ് വൺ' എന്ന പദ്ധതിപ്രകാരം വനിതാ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) സംരംഭകർക്ക് അനുവദിക്കുന്ന വായ്പകളും, വായ്പ തുകയും ഇവർക്ക് നൽകുന്ന വിദഗ്ധ പരിശീലനത്തിന്റെ വിശദവിവരങ്ങളും വ്യക്തമാക്കാമോ;